# സർട്ടിഫിക്കറ്റുകൾ

ILDM
Prepared by : G. Balachandran Pillai, Staff Trainer ILDM, Contact: Valathungal@gmail.com

# സർട്ടിഫിക്കറ്റുകൾ

## I. എന്താണ് സാക്ഷ്യപത്രങ്ങൾ

ഏതെങ്കിലും ഒന്നിനെ സംബന്ധിച്ച് വിശദമായ അന്വേഷണമോ പരിശോധനയോ പഠനമോ നടത്തി ആയതിന്റെ നിജസ്ഥിതി ഉറപ്പുവരുത്തിക്കൊണ്ട് തയ്യാറാക്കുന്ന രേഖകളാണ് സാക്ഷ്യപത്രങ്ങൾ. റവന്യൂ വകുപ്പിൽ നിന്നും വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ, ഭൂമി എന്നിവയുമായി ബന്ധപ്പെട്ട വിവിധങ്ങളായ സർട്ടിഫിക്കറ്റുകൾ അനുവദിച്ചുവരുന്നു.

## II. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി

കേന്ദ്രസർക്കാരിന്റെ നാഷണൽ ഇ-ഗവേണൻസ് (NeGP) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി 2008 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. NeGP മാർഗരേഖ പ്രകാരം വില്ലേജ്/താലൂക്ക് ഓഫീസുകൾക്കൊപ്പം അക്ഷയകേന്ദ്രങ്ങൾ മുഖേനയും റവന്യൂ വകുപ്പ് 24 ഇനം സർട്ടിഫിക്കറ്റുകൾ നിലവിൽ ഓൺലൈനായി നൽകി വരുന്നു. എന്നാൽ പൊതുജനങ്ങൾക്ക് ഇത്തരത്തിൽ ഓൺലൈനായി ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ അതത് ഓഫീസുകളിൽ നേരിട്ട് അപേക്ഷ സമർപ്പിച്ചും ആവശ്യപ്പെടാവുന്നതാണ്. (നമ്പർ 29086/O2/2013/ Rev(T)വകുപ്പ് തീയതി: 5-9-2014)

## III. ആർക്കാണ് സർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുള്ളത്

സാധാരണ ഗതിയിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ഒരു അപേക്ഷകന്റെ പ്രാഥമിക യോഗ്യത അപേക്ഷകൻ ഒരു ഇന്ത്യൻ പൗരനായിരിക്കണമെന്നതാണ്. എന്നാൽ ഭൂമി സംബന്ധമായ സാക്ഷ്യപത്രങ്ങളുടെ സംഗതിയിൽ അപേക്ഷകൻ ഇന്ത്യൻ പൗരനായിരിക്കണമെന്ന വ്യവസ്ഥ ബാധകമല്ല. റവന്യൂ വകുപ്പിൽ വിവിധ ഉദ്യോഗസ്ഥർക്ക് ഭൂമി ശാസ്ത്രപരമായ അധികാരാതിർത്തികൾ നിർണ്ണയിച്ചു നൽകിയിട്ടുള്ളതിനാൽ അപേക്ഷകന്റെ സ്ഥിരവാസ സ്ഥലം ഏതുദ്യോഗസ്ഥന്റെ അധികാരപരിധിയിലാണോ ഉൾപ്പെടുന്നത് പ്രസ്തുത ഉദ്യോഗസ്ഥൻ മുമ്പാകെയാണ് അപേക്ഷ സമർപ്പിക്കേത്. അതായത്, അപേക്ഷ സമർപ്പിക്കപ്പെടുന്ന ഉദ്യോഗസ്ഥന്റെ അധികാരാതിർത്തിക്കുള്ളിലെ ഒരു സ്ഥിര താമസക്കാരനായിരിക്കണം അപേക്ഷകൻ എന്നതാണ് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള രണ്ടാമത്തെ യോഗ്യത. സ്ഥിരതാമസ സ്ഥലം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരാൾ ആറുമാസത്തിലധികമായും സ്ഥിരമായും കുടുംബമായും താമസിച്ചുവരുന്ന പ്രദേശം എന്നാണ്. ജോലി ചോയ്യുന്നതിലേക്കോ വിദ്യാഭ്യാസാവശ്യത്തിനോ വേണ്ടി താൽക്കാലികമായി മറ്റൊരു പ്രദേശത്ത് താമസിക്കേണ്ടി വന്നാൽ പ്രസ്തുത കാലയളവ് ആറുമാസത്തിലധികരിച്ചാലും താൽക്കാലിക താമസസ്ഥലത്തെ റവന്യൂ ഓഫീസുകളിൽ സർട്ടിഫിക്കറ്റുകൾക്കായി അപേക്ഷകൾ സമർപ്പിക്കാനാകില്ല.

## IV. സർട്ടിഫിക്കറ്റുകൾ അനുവദിക്കാൻ ചുമതലപ്പെട്ടവർ

റവന്യൂ വകുപ്പിൽ വില്ലേജ് തലത്തിൽ വില്ലേജ് ഓഫീസർ, താലൂക്ക് തലത്തിൽ തഹസിൽദാർ, സബ് ഡിവിഷനുകളിൽ റവന്യൂ ഡിവിഷണൽ ഓഫീസർ, ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർ (ജനറൽ) ജില്ലാകളക്ടർ എന്നിവരെയാണ് വിവിധ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

## V. സർട്ടിഫിക്കറ്റുകളിലെ കോർട്ട് ഫീസ്

എല്ലാത്തരം സർട്ടിഫിക്കറ്റുകൾക്കുമുള്ള അപേക്ഷകളിലും 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം. എന്നാൽ പട്ടികജാതി, പട്ടിക ഗോത്ര വർഗം എന്നീ വിഭാഗങ്ങളിൽപ്പെടുന്നവരെ കോർട്ട് ഫീസ് സ്റ്റാമ്പ് പതിക്കുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഒരു അപേക്ഷാ ഫോറത്തിൽ തന്നെ ഒന്നിലധികം സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിച്ചാലും 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചാൽ മതിയാകുന്നതാണ്.

## VI. സർട്ടിഫിക്കറ്റുകളിലെ ഭാഷ

കേരള സംസ്ഥാനത്തിനുള്ളിലെ ആവശ്യങ്ങൾക്ക് അനുവദിക്കുന്ന സർട്ടിഫിക്കറ്റുകൾ മലയാളത്തിലും കേന്ദ്രസർക്കാരിലും കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റു സംസ്ഥാനങ്ങളിലും ഹാജരാക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ഇംഗ്ലീഷിലുമാണ് തയ്യാറാക്കേണ്ടത്. [GO(MS)No.351/2007/RD dtd.01-10-2007]

## VII.സർട്ടിഫിക്കറ്റുകൾക്കുള്ള ഫാറങ്ങൾ

വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കേണ്ട വിവിധങ്ങളായ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾക്ക് ഒരു ഏകീകൃത ഫോറം ഏർപ്പെടുത്തിക്കൊണ്ട് 01-10-2007ൽ സംസ്ഥാന സർക്കാർ G.O(MS).351/2007/RDനമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ ഒന്നാം അനുബന്ധമായി കൊടുത്തിട്ടുള്ള അപേക്ഷാഫാറം ഉപയോഗിച്ച് ജാതി, അഗതി, വരുമാനം, നേറ്റിവിറ്റി, തിരിച്ചറിയൽ, ഡൊമിസൈൽ, റിലേഷൻഷിപ്പ്, ഫാമിലി മെമ്പർഷിപ്പ് എന്നു തുടങ്ങിയ സർട്ടിഫിക്കറ്റുകൾക്കായി ഒരു ഫോറത്തിൽ തന്നെ അപേക്ഷിക്കാവുന്നതാണ്. മറ്റുള്ള സർട്ടിഫിക്കറ്റുകൾക്കായി വെള്ളക്കടലാസിൽ അപേക്ഷ തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്.

## VIII.സർട്ടിഫിക്കറ്റുകളുടെ സാധുതാ കാലയളവുകൾ

റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കുന്ന ഏതാനും ചില സർട്ടിഫിക്കറ്റുകൾ പ്രത്യേക ആവശ്യങ്ങൾക്കായി മാത്രമാണ് നൽകി വരുന്നത്. ഇത്തരം സർട്ടിഫിക്കറ്റുകൾ ഓരോരോ ആവശ്യങ്ങൾക്കും പ്രത്യേകമായി അനുവദിക്കേതാണ്. എന്നാൽ മറ്റുചില സർട്ടിഫിക്കറ്റുകൾക്ക് നിശ്ചിത സാധുതാ കാലയളവ് നിശ്ചയിച്ചിരിക്കുന്നു.

### (എ) പ്രത്യേക ആവശ്യങ്ങൾ സൂചിപ്പിച്ചു മാത്രം അനുവദിക്കുന്ന സർട്ടിഫിക്കറ്റുകൾ

1. ജാതി സർട്ടിഫിക്കറ്റ്
2. റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്
3. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്

4. വിധവാ സർട്ടിഫിക്കറ്റ്
5. നോൺ റീമാര്യേജ് സർട്ടിഫിക്കറ്റ്
6. ഡിപ്പൻഡൻസി സർട്ടിഫിക്കറ്റ്
7. ഇന്റർ കാസ്റ്റ് മാര്യേജ് സർട്ടിഫിക്കറ്റ്
8. ഇൻഡിജന്റ് സർട്ടിഫിക്കറ്റ്
9. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
10. സ്ഥിരതാമസ സർട്ടിഫിക്കറ്റ്
11. കൈവശാവകാശ സർട്ടിഫിക്കറ്റ്
12. പൊസഷൻ & നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
13. വാല്യുവേഷൻ സർട്ടിഫിക്കറ്റ്
14. സോൾവൻസി സർട്ടിഫിക്കറ്റ്

(ബി) **കാലയളവ് നിർണ്ണയിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ**

| **സർട്ടിഫിക്കറ്റ്** | **കാലപരിധി** |
|---|---|
| 1. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് | 1 വർഷം * |
| 2. അഗതി സർട്ടിഫിക്കറ്റ് | 3 വർഷം |
| 3. ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് | 3 വർഷം |
| 4. തിരിച്ചറിയൽ സർട്ടിഫിക്കറ്റ് | 10 വർഷം |
| 5. വരുമാന സർട്ടിഫിക്കറ്റ് | |
| (എ) 36000 രൂപ വരെ | 1 വർഷം |
| (ബി) 36000 രൂപയ്ക്ക് മുകളിൽ | 2 വർഷം |
| 6. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് | ആ ജീവനാന്തം |
| 7. ഡൊമിസൈൽ സർട്ടിഫിക്കറ്റ് | ,, |
| 8. അനന്തരാവകാശ സർട്ടിഫിക്കറ്റ് | ,, |

* നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ഒരു വർഷമായി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഏതെങ്കിലും കോഴ്സുകൾക്ക് ചേരുന്നവർ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റിന് പ്രസ്തുത കോഴ്സ് അവസാനിക്കുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

[G.O(MS) No.81/2008/SCSTDD dtd.25-7-2008]

## IX. അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള കാലപരിധി

1. ജാതി സർട്ടിഫിക്കറ്റ് – 3 ദിവസം
   (സർക്കുലർ നമ്പർ: 24298/T2/2002/RD dtd.23-5-2002)
2. നോൺ ക്രീമിലെയർ – 10 ദിവസം
   [G.O(P)No.81/2009/SCSTDD dtd.26-9-2009]
3. ജാതി/വരുമാനം/കൈവശാവകാശം/
   സോൾവൻസി/ലൊക്കേഷൻ/ – ഒരാഴ്ച

നേറ്റിവിറ്റി/etc

[G.O(MS)No.390/1996/RD dtd.12-6-1996]

മേൽ ചേർത്ത പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ വേണ്ട അന്വേഷണം നടത്തി സർട്ടിഫിക്കറ്റുകൾ അനുവദിക്കുകയോ അനുവദിക്കാൻ നിർവ്വാഹമില്ലാത്ത കേസുകളിൽ നിരസിച്ചതായുള്ള അറിയിപ്പ് അപേക്ഷകന് നൽകുകയോ ചെയ്യേണ്ടതാണ്.

## X. <u>സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിനുള്ള പൊതുവായ നടപടിക്രമങ്ങൾ</u>

വിവിധ സർട്ടിഫിക്കറ്റുകൾക്കായി അപേക്ഷകൾ ലഭിച്ചാൽ സ്വീകരിക്കേണ്ടതായ ചില പൊതുവായ നടപടി ക്രമങ്ങളുണ്ട്. രേഖകളുടെ പരിശോധന, പ്രാദേശികാന്വേഷണം, അപേക്ഷകനിൽ നിന്നും സത്യവാങ്മൂലം വാങ്ങുക, അയൽ സാക്ഷികളുടെ മൊഴികൾ രേഖപ്പെടുത്തുക എന്നിവയാണവ.

### (എ) <u>രേഖകളുടെ പരിശോധന</u>

അപേക്ഷയ്ക്കൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള വിവിധ രേഖകളുടെ (റേഷൻകാർഡ്, വോട്ടർ ഐഡന്റിന്റി കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, ജനന/മരണ സർട്ടിഫിക്കറ്റുകൾ മുതലയാവ) പരിശോധന പരമ പ്രധാനമാണ്. ഇവ വിശദമായി പരിശോധിക്കേണ്ടതും സംശയമുണ്ടാകുന്ന കേസുകളിൽ അധികാരികത ഉറപ്പുവരുത്തുന്നതിനായി ഇവയുടെ അസലുകൾ ആവശ്യപ്പെടാവുന്നതും ഒത്തുനോക്കി അധികാരികത ഉറപ്പുവരുത്താവുന്നതുമാണ്.

### (ബി) <u>പ്രാദേശികാന്വേഷണം</u>

സർട്ടിഫിക്കറ്റുകൾക്കായുള്ള അപേക്ഷകളിന്മേൽ ഒഴിച്ചുകൂടാനാകാത്ത നടപടിക്രമമാണ് പ്രാദേശികാന്വേഷണം. മുൻപ് സർട്ടിഫിക്കറ്റുകൾ അനുവദിച്ച കേസുകളിൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കിയിട്ടുങ്കിലും പിന്നീട് മാറ്റങ്ങൾക്കു സാധ്യതയുണ്ടെന്നതിനാൽ അത്തരം കേസുകളിൽ പോലും പ്രാദേശികാന്വേഷണം അനിവാര്യമാണ്. മേലധികാര കേന്ദ്രങ്ങളിലേക്ക് സർട്ടിഫിക്കറ്റ് അപേക്ഷകളിന്മേൽ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ പ്രാദേശികാന്വേഷണം നടത്തിയിട്ടുണ്ട്. എന്ന വിവരം രേഖപ്പെടുത്തേണ്ടത് നിർബന്ധവുമാണ്.

അപേക്ഷകന്റെ ഭവന സന്ദർശനം നടത്തി കുടുംബാംഗങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുക, പരിസര വാസികളിൽ നിന്നും അപേക്ഷയിലെ ആവശ്യത്തെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക എന്നിവയാണ് പ്രാദേശികാന്വേഷണം കൊണ്ട് അർത്ഥമാക്കുന്നത്. പ്രാദേശികാന്വേഷണത്തിൽ ലഭിക്കുന്ന വിവരങ്ങൾ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. പ്രസ്തുത അന്വേഷണ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാകണം അപേക്ഷ തീർപ്പു കൽപ്പിക്കുകയോ മേലധികാരിക്ക് റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്യേത്.

### (സി) <u>സത്യവാങ്മൂലം</u>

ചില സംഗതികളിൽ അപേക്ഷകൻ അവകാശപ്പെട്ടിട്ടുള്ള വിവരങ്ങൾ സ്ഥിരീകരിക്കാൻ ആധികാരിക രേഖകൾ ലഭ്യമല്ലാത്ത സാഹചര്യങ്ങളുണ്ടാകാം. അത്തരം അവസരങ്ങളിൽ പ്രസ്തുത വിവരങ്ങളുടെ സ്ഥിരീകരണത്തിനായി അവലംബിക്കുന്ന മാർഗമാണ്

അപേക്ഷകനിൽ നിന്നും സത്യവാങ്മൂലം (Affidavit) വാങ്ങുക എന്നത്. 50 രൂപ വില യുള്ള മുദ്രപത്രത്തിലാണ് സത്യവാങ്മൂലം തയ്യാറാക്കേണ്ടത്.

(ഡി) **<u>അയൽസാക്ഷി മൊഴി രേഖപ്പെടുത്തുന്നത്</u>**

നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ആവശ്യപ്പെടേണ്ടിവരുന്നതിനു തത്തു ല്യമായ അവസങ്ങളിലാണ് പ്രാദേശികാന്വേഷണത്തിന്റെ ഭാഗമായി അപേക്ഷകന്റെ അയൽവാസികളായതും രക്തബന്ധമില്ലാത്തവരുമായ രണ്ടുപേരിൽ നിന്നും അപേക്ഷയിലെ വാദങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള മൊഴി രേഖപ്പെടുത്തേണ്ടത്. ആധി കാരിക രേഖകളുടെ പിൻബലമില്ലാത്ത അവകാശവാദങ്ങളുടെ ആധികാരികത ഉറപ്പുവരു ത്തുന്നതിനുള്ള ഉപാധിയായാണ് അയൽ സാക്ഷികളിൽ നിന്നും ഇത്തരത്തിൽ മൊഴി രേഖ പ്പെടുത്തി വാങ്ങുന്നത്. ഇത്തരത്തിൽ അയൽ വാസികളിൽ നിന്നും മൊഴി രേഖപ്പെടുത്തു ന്നതിനായി അവരെ ഓഫീസിലേക്കു വിളിച്ചു വരുത്താൻ പാടില്ലാത്തതാണ്. മറിച്ച് ബന്ധ പ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷികളെ സമീപിച്ച് മൊഴി രേഖപ്പെടുത്തുകയാണ് വേണ്ടത്.

## <u>വിവിധ സർട്ടിഫിക്കറ്റുകൾ</u>

### <u>ഭൂമിയുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ</u>

1. **<u>കൈവശാവകാശ സർട്ടിഫിക്കറ്റ്</u>**

നിശ്ചിത ഫാറത്തിലുള്ള അപേക്ഷയ്ക്കൊപ്പം ഭൂമിയിന്മേൽ അപേക്ഷനുള്ള കൈവ ശാവകാശം ഉറപ്പു വരുത്തുന്നതിനായി ആധാരപകർപ്പ്, നികുതി ഒടുക്കിയ രസീത് എന്നി വയും അപേക്ഷകൻ ഹാജരാക്കണം. ടി രേഖകൾ പരിശോധിച്ചും കൈവശം നേരിൽ പരി ശോധിച്ചും ബോധ്യപ്പെട്ടും സർട്ടിഫിക്കറ്റ് അനുവദിക്കാം.

സംസ്ഥാനത്തിനുള്ളിലുള്ള ആവശ്യങ്ങൾക്കായി വില്ലേജ് ഓഫീസറും കേന്ദ്രസർക്കാ രാഫീസുകളിലേക്കും ഇതര സംസ്ഥാനങ്ങളിലേക്കും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ തഹസിൽദാരും സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

നേരിട്ടുള്ള പരിശോധനയിൽ കൈവശത്തിലുള്ള ഭൂമിയാണെന്നു ബോധ്യപ്പെട്ടാലും ഭൂമി ചുവടെ ചേർക്കുന്ന വിഭാഗങ്ങളിൽപെടുന്നുവെങ്കിൽ അപേക്ഷ നിരസിക്കേണ്ടതാണ്.

(i)നിക്ഷിപ്ത വനഭൂമി (Vested forest)

(ii) സംരക്ഷിത വനം (Reserve forest)

(iii)പരിസ്ഥിതി ലോല ഭൂമി (Ecologically fragile land)

(iv)മിച്ച ഭൂമി (Surplus land)

(v)സർക്കാർ വില വാങ്ങിയ ഭൂമി (Bought - in - land)

2. **<u>ലൊക്കേഷൻ മാപ്പ്/സർട്ടിഫിക്കറ്റ്</u>**

ഇതിലേക്കായി നിശ്ചിത അപേക്ഷാഫോറമില്ല. വസ്തുവിന്റെ വിവരങ്ങൾ കാണിച്ച് വെള്ളക്കടലാസിലാണ് അപേക്ഷിക്കേണ്ടത്. അപേക്ഷയ്ക്കൊപ്പം ആധാരപകർപ്പ് കരമടച്ച രസീത് എന്നിവയും സമർപ്പിക്കണം. ഭൂമി നേരിൽ പരിശോധിച്ച് സർവ്വേ നമ്പർ,

വിസ്തീർണ്ണം, എലുക എന്നിവ ഉറപ്പുവരുത്തിയ ശേഷം പ്രസ്തുത വസ്തുവിലേക്ക് ഏതെങ്കിലും പ്രധാനപ്പെട്ടതും അറിയപ്പെടുന്നതുമായ ജങ്ഷനിൽ നിന്നുമുള്ള ഗതാഗത സൗകര്യം വിശദമാക്കിക്കൊണ്ട് നൽകുന്ന സർട്ടിഫിക്കറ്റാണ് ലൊക്കേഷൻ സർട്ടിഫിക്കറ്റ്. ഇത്തരത്തിൽ ഒരു പ്രധാന ജങ്ഷനിൽ നിന്നും പ്രസ്തുത വസ്തുവിലേക്കുള്ള ഗതാഗത സൗകര്യം സ്കെച്ച് ചെയ്തു നൽകുന്നതാണ്. ലൊക്കേഷൻ മാപ്പ് ലൊക്കേഷൻ മാപ്പിൽ വഴിയുടെയോ ഭൂമിയുടെയോ അളവുകൾ രേഖപ്പെടുത്തേണ്ടതില്ല.

സംസ്ഥാനത്തിനുള്ളിലെ ആവശ്യങ്ങൾക്കായി ടി സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്രസർക്കാർ ആവശ്യങ്ങൾക്കും തഹസിൽദാരുമാണ് അനുവദിക്കുന്നത്.

3. **ഭൂവിനിയോഗ സർട്ടിഫിക്കറ്റ്**

നിശ്ചിത അപേക്ഷാ ഫോറമില്ല. റവന്യൂ രേഖകൾ പ്രകാരം ഭൂമിയുടെ തരം ബോധ്യപ്പെട്ടും കൈവശ/അനുഭാവാവകാശങ്ങൾ ഉറപ്പുവരുത്തിയും പ്രസ്തുത ഭൂമിയുടെ തനതായ ഉപയോഗത്തിൽ മാറ്റം വന്നതിൽ ആക്ഷേപമില്ലെന്നതു സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ NOCകൂടി പരിഗണിച്ച് സാക്ഷ്യപ്പെടുത്തി നൽകുന്നു. കൃഷി ഭൂമിയുമായി ബന്ധപ്പെട്ട് ഭൂമിയുടെ തരത്തിലോ കൃഷിവിളകളിലോ മാറ്റം വരുത്തുന്ന പക്ഷം ബന്ധപ്പെട്ട കൃഷി ഓഫീസറുടെ NOCയുടെ അടിസ്ഥാനത്തിൽ മാത്രമേ സർട്ടിഫിക്കറ്റ് അനുവദിക്കാൻ പാടുള്ളൂ. വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിലും ഉപരി പരിശോധന കൂടി നടത്തിയും തഹസിൽദാരാണ് ഭൂവിനിയോഗ സർട്ടഫിക്കറ്റ് നൽകുന്നത്.

4. **സോൾവൻസി സർട്ടിഫിക്കറ്റ്**

നിശ്ചിത അപേക്ഷാഫോറമില്ല. വെള്ളക്കടലാസിൽ ഭൂമിയുടെ വിവരങ്ങൾ കാണിച്ച് കൈവശഭൂമിയുടെ ആധാരം, ബാധ്യതാ സർട്ടിഫിക്കറ്റ്, കരമൊടുക്ക് രസീത് എന്നിവയുടെ പകർപ്പുകൾ, അപേക്ഷകൻ പേരിൽ വാങ്ങിയ 100 രൂപയുടെ മുദ്രപത്രം എന്നിവ സഹിതമാണ് അപേക്ഷിക്കേണ്ടത്. രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും ഭൂമിയുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന്റെ ആസ്തി/കടബാധ്യതയുടെ തിരിച്ചടവുശേഷി തിട്ടപ്പെടുത്തി നൽകുന്നു. സംസ്ഥാനത്തിനുള്ളിലെ ആവശ്യങ്ങൾക്കുവേണ്ടിയും 5 ലക്ഷം രൂപ വരെയുള്ളതുമായ സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്രസർക്കാർ ആവശ്യങ്ങൾക്കും 5 ലക്ഷത്തിലധികരിക്കുന്ന തുകയ്ക്കുള്ളതുമായ സോൾവൻസി സർട്ടിഫിക്കറ്റുകൾ തഹസിൽദാരും നൽകുന്നു. അപേക്ഷയ്ക്കൊപ്പം ഉള്ളടക്കം ചെയ്യുന്ന മുദ്രപത്രത്തിലാണ് സർട്ടിഫിക്കറ്റ് തയ്യാറാക്കി നൽകുന്നത്. റവന്യൂ റിക്കവറി, കോടതി ജപ്തി എന്നിവയിലുൾപ്പെട്ട ഭൂമികളിന്മേൽ സോൾവൻസി സർട്ടിഫിക്കറ്റ് അനുവദിക്കാൻ പാടില്ലാത്തതാണ്.

5. **വാല്യുവേഷൻ സർട്ടിഫിക്കറ്റ്**

ഭൂമിയുമായി ബന്ധപ്പെടുത്തി ഒരാളുടെയോ സ്ഥാപനത്തിന്റെയോ ആസ്തി നിർണ്ണയിക്കുന്നതാണ് സോൾവൻസി. എന്നാൽ ഭൂമിയുടെ കമ്പോളവില മാത്രമായി നിർണ്ണയിച്ചു

നൽകുന്നതാണ് വാല്യുവേഷൻ. വെള്ളക്കടലാസിൽ ഭൂമിയുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള അപേക്ഷയ്ക്കൊപ്പം ആധാരം, നികുതി രസീത്, ബാദ്ധ്യതാ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ കൂടി ഹാജരാക്കണം. പൊന്നുംവില നടപടികളിലേതിനു സമാനമായ രീതികളവലംബിച്ച് ഭൂമിയുടെ കമ്പോള വില തിട്ടപ്പെടുത്തുകയും പ്രസ്തുത തുക രേഖപ്പെടുത്തി സർട്ടിഫിക്കറ്റ് തയ്യാറാക്കുകയുമാണ് ചെയ്യുന്നത്. ഭൂമിയിൽ 5000 രൂപയിലധികം മതിപ്പുവിലയുള്ള കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നപക്ഷം ബന്ധപ്പെട്ട PWDഎൻജിനീയറിൽ നിന്നും പ്രസ്തുത കെട്ടിടത്തിന്റെ വില നിർണ്ണയ സർട്ടിഫിക്കറ്റ് വാങ്ങി ടി തുക കൂടി ഉൾപ്പെടുത്തിയാകണം വില നിർണ്ണയ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടത്. സംസ്ഥാനത്തിനുള്ളിലുള്ളതും 5 ലക്ഷം രൂപ വരെയുള്ളതുമായ സാക്ഷ്യപത്രങ്ങൾ വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്രസർക്കാർ ആവശ്യങ്ങൾക്കും 5 ലക്ഷത്തിലധികരിക്കുന്ന തുകയ്ക്കുള്ളതുമായ സർട്ടിഫിക്കറ്റുകൾ തഹസിൽദാരുമാണ് അനുവദിക്കുന്നത്.

റവന്യൂ റിക്കവറി, കോടതി ജപ്തി എന്നിവയില്ലെന്നുറപ്പുവരുത്തിയാകണം സാക്ഷ്യപത്രം അനുവദിക്കേണ്ടത്.

## <u>വ്യക്തികളും കുടുംബങ്ങളുമായി ബന്ധപ്പെട്ടുള്ള സാക്ഷ്യപത്രങ്ങൾ</u>

### 1. <u>നേറ്റിവിറ്റി സർട്ടിഫിക്കറ്റ്</u>

നിശ്ചിത ഫോറത്തിലുള്ള അപേക്ഷയ്ക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ജനനസർട്ടിഫിക്കറ്റിന്റെ പകർപ്പും സമർപ്പിക്കണം. ഒരു വ്യക്തിയുടെ ജനന സ്ഥലം ഉൾക്കൊള്ളുന്ന വില്ലേജ്, ജില്ല എന്നിവ ഉൾപ്പെടുത്തിയാണ് സാക്ഷ്യപത്രം നൽകുന്നത്.

സർട്ടിഫിക്കറ്റ് ലഭിക്കേണ്ടയാൾ കേരളത്തിനുപുറത്തു ജനിച്ചയാളായിരുന്നാലും ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായി നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. [G.O(MS) No.205/83/RD dtd.26-02-1983]

(i) മാതാപിതാക്കൾ രണ്ടുപേരും കേരളത്തിൽ ജനിച്ചു വളർന്നവരാണെങ്കിൽ

(ii) മാതാപിതാക്കളിലൊരാൾ കേരളത്തിൽ ജനിച്ചു വളരുകയും ഒരാൾ മറ്റൊരു സംസ്ഥാനത്തു ജനിച്ചു വളരുകയും വിവാഹശേഷം രണ്ടുപേരും കേരളത്തിൽ സ്ഥിരതാമസമുള്ളവരാകുകയും ചെയ്താൽ.

കേരളത്തിലെ ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസറും കേരളത്തിനു പുറത്തേയ്ക്കും കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലേക്കും വില്ലേജ് ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തഹസിൽദാരുംആണ് നേറ്റിവിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്.

### 2. <u>സ്ഥിരതാമസ സർട്ടിഫിക്കറ്റ്</u>

നിശ്ചിത ഫോറത്തിലുള്ള അപേക്ഷയ്ക്കൊപ്പം റേഷൻകാർഡ്, മേൽവിലാസം തെളിയിക്കുന്ന മറ്റു രേഖകൾ (വാടകച്ചീട്ട്, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള രേഖകൾ etc) എന്നിവയും ഹാജരാക്കണം. രേഖകൾ പരിശോധിച്ചും പ്രാദേശികാന്വേഷണം നടത്തിയും വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകുന്നു. ഇത്തരത്തിൽ നൽകുന്ന സർട്ടി

ഫിക്കറ്റിൽ വീട്ടു നമ്പർ ചേർക്കേണ്ടതില്ല.വീട്ടു നമ്പർ രേഖപ്പെടുത്തിയുള്ള സ്ഥിരതാമസ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനാധികൃതരാണ് നൽകുന്നത്.

3. <u>ഡൊമിസൈൽ സർട്ടിഫിക്കറ്റ്</u>

നിശ്ചിത ഫോറത്തിലുള്ള അപേക്ഷയ്ക്കൊപ്പം ജനന സർട്ടിഫിക്കറ്റ്, റേഷൻകാർഡ്, സ്ഥിരവാസത്തിനുള്ള മറ്റു രേഖകൾ എന്നിവയുടെ പകർപ്പുകളും സമർപ്പിക്കണം. അപേക്ഷകർ കേരളത്തിൽ ജനിച്ചുവളർന്നയാളാണെന്നും ഇവിടുത്തെ സ്ഥിരതാമസക്കാരനാണെന്നും ഒരുമിച്ചു സാക്ഷ്യപ്പെടുത്തി നൽകുന്ന രേഖയാണിത്. പ്രധാനമായും പ്രതിരോധ വകുപ്പിലേക്ക് നൽകേുന്ന ടി സാക്ഷ്യപത്രം രേഖകൾ പരിശോധിച്ചും പ്രാദേശികാന്വേഷണം നടത്തിയും തഹസിൽദാർ അനുവദിക്കുന്നു.

സംസ്ഥാനത്തിനകത്തുള്ള ആവശ്യങ്ങൾക്ക് ഡൊമിസൈൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് വില്ലേജ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

[G.O (MS) No.391/2005/RD dtd.16-12-2005]

4. <u>രണ്ടും ഒരാളാണെന്നുള്ള സാക്ഷ്യപത്രം</u>

വെള്ളക്കടലാസിലുള്ള അപേക്ഷയ്ക്കൊപ്പം വ്യത്യസ്ത പേരുകൾ രേഖപ്പെടുത്തപ്പെട്ട എല്ലാ രേഖകളുടെയും പകർപ്പുകളും ഇതു സംബന്ധമായതും നോട്ടറി സാക്ഷ്യപ്പെടുത്തിയതുമായ സത്യവാങ്മൂലം എന്നിവയും ഹാജരാക്കണം. പ്രാദേശികാന്വേഷണം നടത്തിയും ആവശ്യമുള്ള പക്ഷം അയൽസാക്ഷിമൊഴി ശേഖരിച്ചും സംസ്ഥാനത്തിനുള്ളിലുള്ള ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്രസർക്കാർ ആവശ്യങ്ങൾക്കും വില്ലേജ് ഓഫീസറുടെ ശുപാർശ പ്രകാരം തഹസിൽദാരും സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

5. <u>തിരിച്ചറിയൽ സർട്ടിഫിക്കറ്റ്</u>

വെള്ളക്കടലാസിൽ റേഷൻകാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പുകൾ സഹിതം അപേക്ഷിക്കണം. അപേക്ഷകനെ തിരിച്ചറിയുന്നതിനു സഹായകമായ രണ്ടു ശാരീരിക അടയാളങ്ങൾ പരാമർശിച്ചുകൊണണ്ടുള്ള സർട്ടിഫിക്കറ്റ് സംസ്ഥാനാന്തര ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്രസർക്കാർ ആവശ്യങ്ങൾക്കും തഹസിൽദാരുമാണ് അനുവദിക്കേണ്ടത്.

6. <u>വൈവാഹിക ബന്ധം തെളിയിക്കുന്ന സാക്ഷ്യപത്രം</u>

വെള്ളക്കടലാസിലുള്ള അപേക്ഷയ്ക്കൊപ്പം വിവാഹം രജിസ്റ്റർ ചെയ്തതിനുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ്, റേഷൻകാർഡ് എന്നിവയുടെ പകർപ്പുകളും ഹാജരാക്കണം. രേഖകൾ പരിശോധിച്ചും പ്രാദേശികാന്വേഷണം നടത്തിയും സംസ്ഥാനത്തിനകത്തുള്ള ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്രസർക്കാർ ആവശ്യങ്ങൾക്കും തഹസിൽദാരും സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

7. **വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്**

വെള്ളക്കടലാസിൽ അപേക്ഷയ്ക്കൊപ്പം മരണപ്പെട്ടയാളിന്റെ മരണസർട്ടിഫിക്കറ്റ്, റേഷൻകാർഡ് എന്നിവയുടെ പകർപ്പുകൾ സഹിതം അപേക്ഷിക്കണം. പ്രമാണ് പരിശോധന, പ്രാദേശികാന്വേഷണം, അയൽസാക്ഷി മൊഴി എന്നിവയുടെ അടിസ്ഥാനത്തിലും സാമ്പത്തികാനുകൂല്യങ്ങൾക്കായാണ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതെങ്കിൽ അപേക്ഷകനിൽ നിന്നും നോട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ സത്യവാങ്മൂലം വാങ്ങിക്കൊണ്ടും സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

സംസ്ഥാനത്തിനകത്തുള്ള ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്രസർക്കാർ ആവശ്യങ്ങൾക്കും തഹസിൽദാരുമാണ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്.

8. **ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്**

വെള്ളക്കടലാസിലുള്ള അപേക്ഷയ്ക്കൊപ്പം കുടുംബാംഗങ്ങളെ തിരിച്ചറിയുന്നതിനാവശ്യമായ രേഖകളും (റേഷൻകാർഡ്, തിരിച്ചറിയൽ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റുകൾ മുതലായവ) ഹാജരാക്കണം. അപേക്ഷകനിൽ നിന്നും സത്യവാങ്മൂലം വാങ്ങിയും പ്രാദേശികാന്വേഷണം നടത്തിയും ആവശ്യമെന്നു കാണുന്ന പക്ഷം അയൽസാക്ഷികളുടെ മൊഴികൾ രേഖപ്പെടുത്തിയും സംസ്ഥാനത്തിനുള്ളിലെ ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്രസർക്കാർ ആവശ്യങ്ങൾക്കും തഹസിൽദാരും സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

9. **പുനർവിവാഹിത/ൻ അല്ലെന്നുള്ള സാക്ഷ്യപത്രം**

വെള്ളക്കടലാസിൽ അപേക്ഷയ്ക്കൊപ്പം റേഷൻകാർഡ്, തിരിച്ചറിയൽ കാർഡ് എന്നീ രേഖകളുടെ പകർപ്പുകളും ഉൾക്കൊള്ളിക്കണം. പ്രാദേശികാന്വേഷണം നടത്തിയും അയൽസാക്ഷിമൊഴി രേഖപ്പെടുത്തിയും അപേക്ഷകനിൽ നിന്നും നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ലഭ്യമാക്കിയും സംസ്ഥാനത്തിനുള്ളിലെ ആവശ്യങ്ങൾക്കായി വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കായും കേന്ദ്രസർക്കാർ ആവശ്യങ്ങൾക്കും തഹസിൽദാരും സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

10. **ബന്ധം തെളിയിക്കുന്ന സാക്ഷ്യപത്രം (Relationship Certificate)**

വെള്ളക്കടലാസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. റേഷൻകാർഡ്, ആധാരങ്ങൾ, സ്കൂൾ സർട്ടിഫിക്കറ്റുകൾ തുടങ്ങിയ രേഖകൾ പരിശോധിച്ചും പ്രാദേശികാന്വേഷണം നടത്തി സാക്ഷിമൊഴി രേഖപ്പെടുത്തിയും അപേക്ഷകനിൽ നിന്നും സത്യപ്രസ്താവന എഴുതി വാങ്ങിയും സംസ്ഥാന സർക്കാർ ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്രസർക്കാർ ആവശ്യങ്ങൾക്കും തഹസിൽദാരും സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

11. **<u>അഗതി സർട്ടിഫിക്കറ്റ് (Destitute Certificate)</u>**

വെള്ളക്കടലാസിൽ അപേക്ഷയിൽ സർട്ടിഫിക്കറ്റിന്റെ ആവശ്യകതയെന്തെന്നു വ്യക്തമാക്കേണ്ടതും കൈവശസ്വത്തുക്കളുടെയും ആസ്തികളുടെയും കുടുംബാംഗങ്ങളുടെയും വിവരങ്ങൾ ചേർത്തുള്ള സത്യപ്രസ്താവന ഉൾക്കൊള്ളിക്കേണ്ടതുമാണ്. ആസ്തികളോ വരുമാനോ ജീവനോപാധികളോ ഇല്ലാത്തതും ആരാലും സംരക്ഷിക്കപ്പെടാനില്ലാത്തും ആശ്രയത്വവും ജീവനോപാധികളും ലഭിക്കുവാൻ അർഹതയുള്ളതുമായ വ്യക്തിയെയാണ് അഗതി എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഇതിലേക്കായി വിശദമായ പ്രാദേശികാന്വേഷണം നടത്തിയും രേഖകൾ പരിശോധിച്ചും സംസ്ഥാനത്തിനുള്ളിലെ ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്രസർക്കാർ ആവശ്യങ്ങൾക്കും തഹസിൽദാരും സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

12. **<u>ഇൻഡിജന്റ് സർട്ടിഫിക്കറ്റ്</u>**

ഒരു വ്യക്തിക്കോ കുടുംബത്തിനോ സമൂഹത്തിൽ നിലനിന്നുപോരുന്നതിനുള്ള ജീവിത/വരുമാന മാർഗങ്ങളോ ഇല്ലെന്നും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലാണെന്നും നിലവിൽ ഇവ ലഭ്യമാകുന്നതിനുള്ള സാഹചര്യങ്ങളില്ലെന്നും രേഖപ്പെടുത്തുന്ന സർട്ടിഫിക്കറ്റാണ് ഇൻഡിജന്റ് സർട്ടിഫിക്കറ്റ്. പ്രമാണ പരിശോധന, പ്രാദേശികാന്വേഷണം, സാക്ഷിമൊഴി എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിനുള്ളിലെ ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്രസർക്കാർ ആവശ്യങ്ങൾക്കും തഹസിൽദാരും സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

13. **<u>അനന്തരാവകാശ സർട്ടിഫിക്കറ്റ്</u>**

വെള്ളക്കടലാസിലുള്ള അപേക്ഷയ്ക്കൊപ്പം മരണപ്പെട്ടയാളുടെ മരണസർട്ടിഫിക്കറ്റ്, അവകാശികളെ സംബന്ധിക്കുന്ന സത്യപ്രസ്താവന എന്നിവ ഉൾക്കൊള്ളിച്ച് അപേക്ഷ തഹസിൽദാർക്കാണ് സമർപ്പിക്കേണ്ടത്. അവകാശികളുടെയും അയൽസാക്ഷികളുടെയും മൊഴികൾ രേഖപ്പെടുത്തിയും പ്രാദേശികാന്വേഷണം നടത്തിയും വില്ലേജ് ഓഫീസർ തയ്യാറാക്കുന്ന റിപ്പോർട്ടിന്മേൽ തഹസിൽദാർ ഉപരിപരിശോധന നടത്തി ഔദ്യോഗിക ഗസറ്റിൽ ഇതുസംബന്ധിച്ച പരസ്യം പ്രസിദ്ധപ്പെടുത്തുകയും പരസ്യ തീയതിയിൽ നിന്നും 30 ദിവസം പൂർത്തിയാകുന്ന മുറയ്ക്ക് ആക്ഷേപമില്ലാത്തപക്ഷം സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്യുന്നു.

ഹിന്ദുമതത്തിൽപ്പെട്ടവരുടെ അവകാശികളെ നിർണ്ണയിക്കുന്നത് 1956ലെ ഹിന്ദു പിൻതുടർച്ചാവകാശ നിയമ പ്രകാരവും ക്രിസ്ത്യൻ മതവിഭാഗങ്ങളിലേക്ക് 1925-ലെ ഇന്ത്യൻ പിൻതുടർച്ചാവകാശ നിയമപ്രകാരവും ഇസ്ലാം മതവിഭാഗങ്ങളിലേക്ക് മുസ്ലിം വ്യക്തി നിയമ (ശരീഅത്ത്) പ്രകാരവുമാണ്.

ഒരു ലക്ഷം രൂപ വരെയുള്ള തുകകൾ കൈപ്പറ്റുന്നതിനുള്ള സാക്ഷ്യപത്രം അനുവദിക്കുന്നതിനാണ് തഹസിൽദാർക്ക് അധികാരമുള്ളത്. അതിനു മുകളിലുള്ള തുകകൾ കൈപ്പ

റ്റുന്നതിനായി അപേക്ഷകർ സിവിൽ കോടതിയിൽ നിന്നും സക്സഷൻ സർട്ടിഫിക്കറ്റ് വാങ്ങുകയാണ് വേണ്ടത്.

കേരളാവില്ലേജ് മാന്വലിലെ 261-ാം ഖണ്ഡികയിലാണ് അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിലെ നടപടിക്രമങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അനന്തരാവാകശ സർട്ടിഫിക്കറ്റ് അനുവദിച്ച ശേഷമുള്ള ആക്ഷേപങ്ങൾക്ക് അപ്പീൽ നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ തർക്കമുള്ള കേസുകൾ സിവിൽ കോടതി മുഖാന്തിരമാണ് തീർപ്പു കൽപ്പിക്കേണ്ടത്. (സർക്കുലർ നമ്പർ : 18939/T2/2008/Rev dtd/31-7--2009)

**<u>ഹിന്ദു പിൻതുർച്ചാവകാശ നിയമം 1956</u>**

വിൽപ്പത്രം എഴുതാതെ മരണപ്പെട്ട ഹിന്ദുമതത്തിൽപ്പെട്ട ഒരാളിന്റെ സ്വത്തുക്കൾക്ക് പിന്നീടുള്ള അവകാശികൾ ആരൊക്കെയാണെന്ന് ഈ നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

*കുറിപ്പ്:* മരണപ്പെട്ടയാൾ സ്പെഷ്യൽ മാര്യേജ് ആക്ട് 1954 പ്രകാരം വിവാഹിതനായ ആളാണെങ്കിൽ അയാളുടെ അനന്തരാവകാശിയെ തീരുമാനിക്കുന്നത് ഇന്ത്യൻ പിൻതുടർച്ചാവകാശ നിയമം 1925 അനുസരിച്ചാണ്. എന്നാൽ സ്പെഷ്യൽ മാര്യേജ് ആക്ട് 1954 പ്രകാരം വിവാഹിതരായവർ രണ്ടുപേരും ഹിന്ദുക്കൾ ആണെങ്കിൽ അതിൽ മരണപ്പെട്ട ആളിന്റെ അനന്തരാവകാശിയെ തീരുമാനിക്കുന്നത് ഹിന്ദു പിൻതുടർച്ചാവകാശ നിയമം 1925 പ്രകാരമാണ്. 1976-ലെ അമന്റ്മെന്റിന് ശേഷമാണ് ഈ വ്യവസ്ഥയ്ക്ക് പ്രാബല്യം വന്നത്.

**എ) <u>മരണപ്പെട്ട ഹിന്ദു പുരുഷന്റെ അനന്തരാവകാശികൾ</u>**

ക്ലാസ് I, ക്ലാസ് IIഎന്നിങ്ങനെ രണ്ട് വിഭാഗത്തിൽപ്പെട്ട അവകാശികളാണ് മരണപ്പെട്ട ഹിന്ദു പുരുഷന് ഉള്ളത്. ക്ലാസ് Iൽപ്പെട്ടവരാണ് ആദ്യ അവകാശികൾ. ക്ലാസ് I-ൽ ആരും ഇല്ലെങ്കിൽ മാത്രമാണ് ക്ലാസ് II-ൽ ഉള്ളവരെ പരിഗണിക്കേണ്ടത്.

**ക്ലാസ് I**

1. മകൻ 2. മകൾ 3. വിധവ 4. മാതാവ് 5. മരണപ്പെട്ട മകന്റെ മകൻ 6. മരണപ്പെട്ട മകളുടെ മകൻ 7. മരണപ്പെട്ട മകളുടെ മകൾ 8. മരണപ്പെട്ട മകന്റെ മകൾ 9. മരണപ്പെട്ട മകന്റെ വിധവ 10. മരണപ്പെട്ട മകന്റെ മരണപ്പെട്ട മകന്റെ മകൻ 11. മരണപ്പെട്ട മകന്റെ മരണപ്പെട്ട മകന്റെ മകൾ 12. മരണപ്പെട്ട മകന്റെ മരണപ്പെട്ട മകന്റെ വിധവ 13. മരണപ്പെട്ട മകന്റെ മരണപ്പെട്ട മകളുടെ മകൾ 14. മരണപ്പെട്ട മകളുടെ മരണപ്പെട്ട മകന്റെ മകൾ 15. മരണപ്പെട്ട മകളുടെ മരണപ്പെട്ട മകളുടെ മകൻ 16. മരണപ്പെട്ട മകളുടെ മരണപ്പെട്ട മകളുടെ മകൾ

**ക്ലാസ് II**

1. പിതാവ്
2. മകന്റെ മകളുടെ മകൻ, മകന്റെ മകളുടെ മകൾ, സഹോദരൻ, സഹോദരി
3. മകളുടെ മകന്റെ മകൻ, മകളുടെ മകന്റെ മകൾ, മകളുടെ മകളുടെ മകൾ, മകളുടെ മകളുടെ മകൻ

4. സഹോദരന്റെ മകൻ, സഹോദരിയുടെ മകൻ, സഹോദരന്റെ മകൾ, സഹോദരിയുടെ മകൾ

5. പിതാവിന്റെ പിതാവ്, പിതാവിന്റെ മാതാവ്

6. പിതാവിന്റെ വിധവ, സഹോദരന്റെ വിധവ

7. പിതാവിന്റെ സഹോദരൻ, പിതാവിന്റെ സഹോദരി

8. മാതാവിന്റെ പിതാവ്, മാതാവിന്റെ മാതാവ്

9. മാതാവിന്റെ സഹോദരൻ, മാതാവിന്റെ സഹോദരി

ക്ലാസ് II-ലെ അവകാശികളിൽ 1 ഇല്ലെങ്കിൽ മാത്രം 2 പരിഗണിച്ചാൽ മതി 2 ഇല്ലെങ്കിൽ 3-ാം വിഭാഗം. അതുപോലെ തുടർന്നും ആണ് അവകാശം.

ക്ലാസ് I, IIഎന്നീ വിഭാഗങ്ങളിൽ ആരുമല്ലെങ്കിൽ രക്തബന്ധത്തിലൂടെയുള്ള പുരുഷ ബന്ധമുറകൾ വഴിയുള്ള ബന്ധുക്കൾക്ക് അവകാശം ലഭിക്കും. ഇവരും ഇല്ലെങ്കിൽ രക്തബന്ധത്തിലൂടെയുള്ള പുരുഷബന്ധമുറയിലൂടെ അല്ലാതെയോ ഉള്ള ബന്ധുക്കൾക്ക് അവകാശം ലഭിക്കും.

<u>**വിൽപ്പത്രം എഴുതാതെ മരണപ്പെട്ട ഹിന്ദു സ്ത്രീയുടെ അനന്തരാവകാശികൾ**</u>

എ) ഭർത്താവ്, മക്കൾ, മരണപ്പെട്ട മക്കളുടെ കുട്ടികൾ

ബി) ഭർത്താവിന്റെ അനന്തരാവകാശികൾ

സി) മാതാവും പിതാവും

ഡി) പിതാവിന്റെ അനന്തരാവകാശികൾ

ഇ) മാതാവിന്റെ അനന്തരാവകാശികൾ

(എ) വിഭാഗത്തിലുള്ളവർക്കാണ് ആദ്യ അവകാശം (എ) ഇല്ലെങ്കിൽ (ബി) വിഭാഗം (ബി) ഇല്ലെങ്കിൽ (സി) അതുപോലെ തുടർന്നും ആണ് അവകാശം

*കുറിപ്പ്:* മക്കളോ മക്കളുടെ മക്കളോ ഇല്ലെങ്കിൽ അച്ഛനിൽ നിന്നോ അമ്മയിൽ നിന്നോ അനന്തരാവരാശമായാണ് സ്ത്രീക്ക് സ്വത്ത് ലഭിച്ചതെങ്കിൽ ആ സ്വത്ത് അച്ഛന്റെ അവകാശികൾക്ക് ലഭിക്കും. അച്ഛനില്ലെങ്കിൽ അമ്മയുടെ അവകാശികൾക്ക് ലഭിക്കും.മക്കളോ അവരുടെ മക്കളോ ഇല്ലാതിരുന്നാൽ ഭർത്താവിൽ നിന്നോ ഭർത്താവിന്റെ അച്ഛനിൽ നിന്നോ ലഭിച്ച സ്വത്താണെങ്കിൽ ഭർത്താവിന്റെ അവകാശിക്ക് സ്വത്ത് ലഭിക്കും.

NB: 1. മക്കളുടെ വിധവകൾ പുനർവിവാഹം ചെയ്താൽ അവകാശമില്ലാതാകും.

2. സ്വത്തിനുവേ ഒരാളെ കൊന്നാൽ കൊല്ലപ്പെട്ട ആളിന്റെ സ്വത്തിൽ കൊലയാളിക്കുള്ള അവകാശം നഷ്ടപ്പെടും.

3. ആൾ മരണപ്പെടുന്ന സമയം അവകാശിയായി ഗർഭസ്ഥ ശിശു ഉണ്ടെങ്കിൽ ആ ശിശു ജനിച്ചു കഴിഞ്ഞാൽ

4. ഒന്നിൽ കൂടുതൽ വിധവകൾ ഉണ്ടെങ്കിൽ അവരെയും ഉൾപ്പെടുത്തണം.

## ഇന്ത്യൻ പിൻതുടർച്ചാവകാശ നിയമം 1925

ക്രിസ്ത്യാനിയായ ഒരാൾ വിൽപ്പത്രമെഴുതാതെ മരണപ്പെട്ടാൽ ഇന്ത്യൻ പിൻതുടർച്ചാകാശ പ്രകാരമാണ് അവകാശികളെ നിർണ്ണിക്കുന്നത്.

**അവകാശികൾ**

1. വിധവ/വിഭാര്യൻ, മക്കൾ (മക്കൾ മരണപ്പെട്ടാൽ അവർക്ക് ലഭിക്കാനുള്ളത് അവരുടെ അനന്തരാവകാശികൾക്ക് ലഭിക്കും)
2. വിധവ/വിഭാര്യൻ (മക്കൾ, നേർപിന്തുടർച്ചക്കാർ, എന്നിവരില്ലെങ്കിൽ പകുതി സ്വത്ത് വിധവ/വിഭാര്യന് ലഭിക്കും. ബാക്കി രക്തബന്ധുക്കൾക്ക് ലഭിക്കും)
3. വിധവ/വിഭാര്യനുമാത്രം (മക്കൾ/നേർപിന്തുടർച്ചക്കാർ, രക്തബന്ധുക്കൾ തുടങ്ങിയവ രാരുമില്ലെങ്കിൽ)
4. അച്ഛൻ (നേർപിന്തുടർച്ചക്കാർ ഇല്ലെങ്കിൽ)
5. അമ്മയ്ക്കും സഹോദരങ്ങൾക്കും (അച്ഛൻ, നേർപിന്തുടർച്ചക്കാർ എന്നിവരില്ലെങ്കിൽ)
6. അമ്മയ്ക്ക് (അച്ഛൻ, നേർപിന്തുടർച്ചക്കാർ, സഹോദരങ്ങൾ എന്നിവരില്ലെങ്കിൽ)
7. സഹോദരങ്ങൾക്ക് (അമ്മയില്ലെങ്കിൽ)
8. രക്തബന്ധുക്കൾക്ക് (അച്ഛൻ, അമ്മ, സഹോദരങ്ങൾ, മക്കൾ, മക്കളുടെ അനന്തരാവകാശികൾ എന്നിവരില്ലെങ്കിൽ)

## ഇസ്ലാം പിന്തുടർച്ചാവകാശ നിയമം

മുസ്ലിങ്ങളുടെ പിന്തുടർച്ചക്കാരിൽ മൂന്ന് വിഭാഗത്തിൽപ്പെട്ട അവകാശികളാണുള്ളത്.

1. Shares(പങ്കുകാർ) 2. Residuaries(ശിഷ്ടാവകാശികൾ) 3. Distant kindreds(അകന്ന ബന്ധുജനം) ഇവരിൽ പങ്കുകാരിൽപ്പെട്ടവരേയും ശിഷ്ടാവകാശികളിൽപ്പെട്ടവരേയും നിർബന്ധമായും അവകാശികളായി ഉൾപ്പെടുത്തണം. ഈ രണ്ടു വിഭാഗത്തിലും ആരും ശേഷിക്കുന്നില്ലെങ്കിൽ മാത്രമേ അകന്ന ബന്ധുജനത്തിൽപ്പെട്ടവരെ ഉൾപ്പെടുത്തേണ്ടതുള്ളൂ.

**പങ്കുകാർ (ഖുറാനിക് അവകാശികൾ)**

1. ഭർത്താവ് 2. ഭാര്യ 3. മകൾ 4. അച്ഛൻ 5. അമ്മ 6.മകന്റെ മകൾ (മകൻ മരണപ്പെട്ടാൽ) 7. മുത്തച്ഛൻ (അച്ഛൻ ജീവിച്ചിരിപ്പില്ലെങ്കിൽ) 8. മുത്തശ്ശി (അമ്മ ജീവിച്ചിരിപ്പില്ലെങ്കിൽ) 9. സഹോദരി (മക്കൾ, മകന്റെ മകൻ, അച്ഛൻ, മുത്തച്ഛൻ എന്നിവർ ഇല്ലെങ്കിൽ) 10. ഒരേ അമ്മയിലുള്ള സഹോദരൻ (മക്കൾ, മകന്റെ മകൻ, അച്ഛൻ, മുത്തച്ഛൻ എന്നിവർ ഇല്ലെങ്കിൽ) 11. ഒരേ അമ്മയിലുള്ള സഹോദരി (മക്കൾ, മകന്റെ മകൻ, അച്ഛൻ, മുത്തച്ഛൻ എന്നിവർ ഇല്ലെങ്കിൽ) 12. രക്തബന്ധമുള്ള സഹോദരി (മക്കൾ, മകന്റെ മകൻ, അച്ഛൻ, മുത്തച്ഛൻ, സഹോദരൻ, സഹോദരി എന്നിവർ ഇല്ലെങ്കിൽ)

**ശിഷ്ടാവകാശികൾ**

പങ്കുകാർക്ക് അവകാശപ്പെട്ട ഭാഗം മാത്രം കൊടുത്ത് ബാക്കിയുള്ളത് മുഴുവൻ ശിഷ്ടാവകാശികൾക്ക് ലഭിക്കും. പങ്കുകാരില്ലെങ്കിൽ മുഴുവൻ അവകാശവും ശിഷ്ടാവകാശികൾക്ക് ലഭിക്കും.

**പിൻമുറക്കാർ** –1. മകൻ 2. മകന്റെ മകൻ & മകൾ (മകൻ മരണപ്പെട്ടാൽ)

**മുൻ മുറക്കാർ** – 1. അച്ഛൻ 2. അച്ഛന്റെ അച്ഛൻ (അച്ഛൻ മരണപ്പെട്ടാൽ)

**അച്ഛൻ പിൻമുറക്കാർ** – 1. സഹോദരൻ (മക്കൾ, മകന്റെ മകൻ & മകൾ, അച്ഛൻ, മുത്തച്ഛൻ എന്നിവർ ഇല്ലെങ്കിൽ) 2. രക്തബന്ധത്തിലെ സഹോദരൻ (മക്കൾ, മകന്റെ മകൻ & മകൾ, അച്ഛൻ, മുത്തച്ഛൻ, സഹോദരൻ, സഹോദരി എന്നിവർ ഇല്ലെങ്കിൽ) 3. സഹോദരന്റെ മകൻ (മുകളിൽപ്പറഞ്ഞ ആരുമില്ലെങ്കിൽ) 4. സഹോദരന്റെ മകന്റെ മകൻ (മുകളിൽപ്പറഞ്ഞ ആരുമില്ലെങ്കിൽ) 5. രക്തബന്ധത്തിലുള്ള സഹോദരന്റെ മകന്റെ മകൻ (മുകളിൽപ്പറഞ്ഞ ആരുമില്ലെങ്കിൽ)

**അകന്ന ബന്ധുജനം**

(പങ്കുകാരിലോ, ശിഷ്ടാവകാശികളിലോ ആരും ഇല്ലെങ്കിൽ മാത്രം ഈ വിഭാഗത്തെ പരിഗണിച്ചാൽ മതിയാകുന്നതാണ്)

1. മകളുടെ മക്കളും മകന്റെ മകളുടെ മക്കളും 2. പിതാമഹൻ, മാതാമഹി 3. സഹോദരന്റെ പെൺമക്കളും അവരുടെ പിന്മുറക്കാരും 4. രക്തബന്ധത്തിലെ സഹോദരന്റെ പെൺമക്കളും അവരുടെ പിന്മുറക്കാരും 5. ഒരേ അമ്മയിലെ സഹോദരന്റെ മക്കളും പിന്മുറക്കാരും 6. സഹോദരന്റെ മകന്റെ പെൺമക്കളും അവരുടെ പിന്മുറക്കാരും 7. രക്തബന്ധത്തിലെ സഹോദരന്റെ മകന്റെ പെൺമക്കളും അവരുടെ പിന്മുറക്കാരും 8. രക്തബന്ധത്തിലോ ഒരേ അമ്മയിലുള്ളതോ അല്ലാതെയുള്ള സഹോദരികളുടെ മക്കളും അവരുടെ പിന്മുറക്കാരും

**നേർപിതാമഹന്മാരുടെ പിന്മുറക്കാർ** – 1. അമ്മാവന്റെ പെൺമക്കളും, പിന്മുറക്കാരും 2. രക്ത ബന്ധത്തിലുള്ള അമ്മാവന്റെ പെൺമക്കളും, പിന്മുറക്കാരും 3. ഒരേ അമ്മ വഴിയുള്ള അമ്മാവന്റെ മക്കളും പിന്മുറക്കാരും 4. അമ്മായിമാരുടെ മക്കളും, അവരുടെ പിന്മുറക്കാരും.

**കുറിപ്പ്:**

1. നിയമാനുസൃതമല്ലാത്ത മക്കൾക്ക് പിതാവിന്റെ സ്വത്തിൽ അവകാശമില്ല. എന്നാൽ മാതാവിന്റെയും മാതാവിന്റെ ബന്ധുക്കളുടെയും സ്വത്തിൽ അവകാശമുണ്ട്.
2. മതം മാറിയാലും അവകാശം ലഭിക്കും. എന്നാൽ മതം മാറിയ ആളിന്റെ അവകാശിയെ നിശ്ചയിക്കുന്നത് മാറിയ മതത്തിന്റെ പേഴ്സൺ ലോ അനുസരിച്ചാണ്.
3. സ്പെഷ്യൽ മാര്യേജ് ആക്ട് 1954 അനുസരിച്ച് വിവാഹം കഴിച്ച മുസ്ലീമിന്റെ അവകാശിയെ നിശ്ചയിക്കുന്നത് ഇന്ത്യൻ പിന്തുടർച്ചാവകാശ നിയമപ്രകാരമാണ്.
4. ഗർഭത്തിലിരിക്കുന്ന കുഞ്ഞും മരണപ്പെട്ടയാളിന്റെ അവകാശിയാണ്.

14. <u>ജാതി സർട്ടിഫിക്കറ്റ്</u>

ജാതി സർട്ടിഫിക്കറ്റുകൾക്ക് നിശ്ചിത അപേക്ഷാഫാറം ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടിക ജാതി, പട്ടിക ഗോത്രവർഗം എന്നീ വിഭാഗങ്ങൾക്കുള്ളതും സംസ്ഥാനേതര ആവശ്യങ്ങൾക്കുള്ളതുമായ എല്ലാ ജാതി സർട്ടിഫിക്കറ്റുകളും തഹസിൽദാരാണ് അനുവദിക്കുന്നത്. മറ്റെല്ലാ ജാതി സർട്ടിഫിക്കറ്റുകളും വില്ലേജ് ഓഫീസറാണ് അനുവദിക്കുന്നത്.

ജാതി സർട്ടിഫിക്കറ്റുകളുമായി ബന്ധപ്പെട്ട് സംവരണാനുകൂല്യങ്ങൾകർഹതയുള്ള ജാതി മത വിഭാഗങ്ങളെ ചുവടെ ചേർക്കും പ്രകാരം വിവിധ പട്ടികകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

1. പട്ടികജാതി (SC)
2. പട്ടിക ഗോത്രവർഗം (ST)
3. മറ്റുപിന്നോക്ക സമുദായങ്ങൾ (OBC)
4. മറ്റർഹ സമുദായങ്ങൾ – 1 (OEC-1)
5. മറ്റർഹ സമുദായങ്ങൾ – 2 (OEC-2)
6. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള സമുദായങ്ങൾ (SEBC)

<u>പട്ടികജാതി/പട്ടികഗോത്രവർഗം</u>

ഭരണഘടനയുടെ 341, 342 എന്നീ അനുച്ഛേദങ്ങൾ പ്രകാരം പാർലമെന്റംഗീകരിച്ച് വിജ്ഞാപനം ചെയ്യുന്നവയാണ് യഥാക്രമം പട്ടികജാതി, പട്ടിക ഗോത്രവർഗം എന്നീ പട്ടികകൾ.

അപേക്ഷയ്ക്കൊപ്പം സമർപ്പിക്കുന്ന ജാതി/മതം രേഖപ്പെടുത്തിയിട്ടുള്ള മുൻസാക്ഷ്യപത്രങ്ങളോ സ്കൂൾ രേഖകളോ പരിശോധിച്ചും പ്രാദേശികാന്വേഷണം നടത്തിയും ആവശ്യമുള്ള പക്ഷം സാക്ഷിമൊഴികൾ ശേഖരിച്ചും വില്ലേജ് ഓഫീസർ തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

നേരത്തെ സർട്ടിഫിക്കറ്റ് അനുവദിച്ചിരുന്നു എന്ന കാരണത്താൽ മാത്രം വീണ്ടും സർട്ടിഫിക്കറ്റ് അനുവദിക്കരുത്. വിശദമായ പ്രമാണ പരിശോധന പ്രാദേശികാന്വേഷണം എന്നിവ ഒഴിച്ചു കൂടാനാവാത്തതാണ്. അപേക്ഷകനും കുടുംബവും ജനിച്ചു വളർന്ന പ്രദേശത്തല്ല ഇപ്പോൾ സ്ഥിര താമസമെങ്കിൽ ആധികാരിക രേഖകളുടെ അഭാവത്തിൽ അവർ ജനിച്ചു വളർന്ന വില്ലേജ്/താലൂക്ക് അധികാരിയിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയ ശേഷം അപേക്ഷ തീർപ്പുകൽപ്പിക്കേതാണ്.

* പട്ടികജാതി/വർഗ സർട്ടിഫിക്കറ്റുകൾ അനുവദിക്കുമ്പോൾ ബന്ധപ്പെട്ട പട്ടികകളിലുൾപ്പെട്ട ജാതിപ്പേരുകളിൽ തന്നെ സർട്ടിഫിക്കറ്റ് അനുവദിക്കേതാണ്.

[GO(MS) No.35/1984/HFWD dtd.4-5-1984]

* പട്ടികജാതി/വർഗ സർട്ടിഫിക്കറ്റുകൾക്കായുള്ള അപേക്ഷകളിൽ സംശയമുള്ള പക്ഷം അഭിപ്രായത്തിനും അന്വേഷണത്തിനുമായി KIRTADSഡയറക്ടർക്ക് അയയ്ക്കേണ്ടതാണ്.

[Circular No.7903/E2/1986/SCSTDD dtd.28-7-1986]

**OBC വിഭാഗങ്ങൾ**

മറ്റുപിന്നോക്ക സമുദായങ്ങളുടെ, സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ടുവരുന്ന ജാതി വിഭാഗങ്ങൾ നൽകുന്ന അപേക്ഷകളിൽ പ്രമാണ പരിശോധന, പ്രാദേശികാന്വേഷണം എന്നിവ നടത്തിയും ആവശ്യമുള്ള പക്ഷം സത്യവാങ്മൂലം ലഭ്യമാക്കിയും സംസ്ഥാനത്തിനുള്ളിലെ ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്രസർക്കാർ ആവശ്യങ്ങൾക്കും തഹസിൽദാരും സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

**OEC, SEBC വിഭാഗങ്ങൾ**

OEC, SEBC സർട്ടിഫിക്കറ്റുകൾ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി മാത്രമാണ് അനുവദിക്കുന്നത്. OECവിഭാഗങ്ങളെ വീണ്ടും രണ്ട് ഉപവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. OECയിലെ ആദ്യ പട്ടികയിലുൾപ്പെടുന്ന ജാതി വിഭാഗങ്ങൾക്ക് പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദനീയമായ വിദ്യാഭ്യാസാനുകൂല്യങ്ങൾക്കാണ് അർഹതയുള്ളത്. ഇതിലേക്കായി മാത്രമാണ് ഇത്തരക്കാർക്ക് OEC സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. OECരണ്ടാം ഉപപട്ടികയിലെ ജാതി വിഭാഗങ്ങൾക്ക് പട്ടിക ഗോത്രവർഗക്കാർക്ക് സാധാരണഗതിയിൽ അനുവദനീയമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയണ്ട്. ഇതിലേക്കായി ടി ഉപ പട്ടികയിലുള്ളവർക്കും OEC സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന ജാതിമത വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി അനുവദിക്കുന്നതാണ് SEBCസർട്ടിഫിക്കറ്റ്.

പ്രമാണ പരിശോധന, പ്രാദേശികാന്വേഷണം എന്നിവ നടത്തി സംസ്ഥാനത്തിനുള്ളിലെ ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്ര സർക്കാർ ആവശ്യങ്ങൾക്കും തഹസിൽദാരുമാണ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്.

പ്രത്യേക പട്ടികകളിലുൾപ്പെടാത്ത എല്ലാ ജാതി/മത വിഭാഗങ്ങൾക്കും General category(സംവരണേതര വിഭാഗം)യിൽ ഉൾപ്പെടുത്തി സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നു.

**നിയമാനുസൃതമല്ലാതെ ദത്തെടുത്ത കുട്ടികളുടെ ജാതി**

ജന്മം നൽകിയ മാതാപിതാക്കളെപ്പറ്റി നിശ്ചയമില്ലാത്തതോ അനാഥരാകുകയോ ചെയ്ത കുഞ്ഞുങ്ങളെ ദത്തെടുക്കാൻ നിയമ പ്രകാരമല്ലാതെ സ്വേച്ഛയാ എടുത്തു വളർത്തുന്ന കേസുകളിൽ വളർത്തു മാതാപിതാക്കൾ ഒരേ ജാതിക്കാരാണെങ്കിൽ എടുത്തു വളർത്തപ്പെടുന്ന കുട്ടിക്ക് അവരുടെ ജാതിയുടെ അല്ലെങ്കിൽ അവരുടെ ജാതികളിൽ ഏതു ജാതിയിലാണോ കുട്ടി വളർന്നു വരുന്നത് ആ ജാതിയും വളർത്തു മാതാപിതാക്കൾ നിയമാ

നുസൃതം വിവാഹിതരായിട്ടില്ലെങ്കിൽ കുട്ടിക്ക് വളർത്തമ്മയുടെ ജാതിയും സിദ്ധിക്കുന്നതാണ്.

[Circular No.11186/G1/1998/SCSTDD dt.18-5-2000]

**മിശ്രവിവാഹിതരായ ദമ്പതികളുടെ കുട്ടികളുടെ ജാതി**

മിശ്രവിവാഹിതരിലൊരാൾ SC/STവിഭാഗത്തിൽപ്പെടുന്ന പക്ഷം അവരുടെ കുട്ടികളുടെ ജാതി സംബന്ധിച്ച് അപേക്ഷകൻ അവകാശപ്പെടുന്ന ജാതി/സമുദായാചാരങ്ങളനുസരിച്ചാണോ അപേക്ഷകനും കുടുംബവും ജീവിച്ചു വരുന്നത്, പ്രസ്തുത സമുദായം ഉൾപ്പെടുന്ന സമൂഹം അവരിലൊരാളായി അപേക്ഷനെ ഉൾക്കൊള്ളുകയും അംഗീകരിക്കുകയും ചെയ്തിട്ടുോ പ്രസ്തുത സമൂഹത്തിന്റെ ആചാരങ്ങളും വിശ്വാസങ്ങളും അനുസരിക്കുകയും ആചരിക്കുകയും ചെയ്യുന്നുണ്ടോ എന്നീ വിവരങ്ങൾ അന്വേഷിച്ചറിഞ്ഞ് ബോദ്ധ്യപ്പെട്ടായിരിക്കണം അപേക്ഷയിൽ തീർപ്പു കൽപ്പിക്കേണ്ടത്.

[GO (MS) No.109/2008/SCSTDD dtd.20-11-2008]

**മറ്റുമതങ്ങളിലേക്കു മാറിയ ശേഷം തിരികെ ഹിന്ദുമതം സ്വീകരിച്ചവരുടെ ജാതി**

മതപരിവർത്തനം നടത്തിയിട്ടുള്ളവർ തിരികെ ഹിന്ദുമതം സ്വീകരിക്കുമ്പോൾ ചുവടെ ചേർക്കുന്ന രേഖകൾ കൂടി അപേക്ഷയ്ക്കൊപ്പം ഹാജരാക്കണം.

1. ശുദ്ധി സർട്ടിഫിക്കറ്റ്
2. ശുദ്ധി കർമ്മത്തിൽ പങ്കെടുത്തവരുടെ പൂർണ്ണമായ പേരും മേൽവിലാസവും
3. മതപരിവർത്തനം ചെയ്തതിനുള്ള ഗസറ്റ് വിജ്ഞാപനം
4. മതപരിവർത്തന ശേഷം ഹിന്ദുമതാചാരപ്രകാരമാണ് ജീവിച്ചുവരുന്നതെന്ന ബന്ധപ്പെട്ട സമുദായാംഗങ്ങളുടെ സാക്ഷ്യപത്രം.

ശുദ്ധി സർട്ടിഫിക്കറ്റ് നൽകുന്നതിന് ചുവടെ ചേർക്കുന്ന സംഘടനകളെ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നു.

[GO (MS) No.73/1983/GAD dtd.23-03-1983]

1. അഖിലഭാരത അയ്യപ്പസേവാസംഘം, കോട്ടയം
2. ആൾ ഇന്ത്യാദയാനന്ദ സാൽവേഷൻ മിഷൻ (ആര്യസമാജം), കേരളഘടകം, തിരുവനന്തപുരം
3. കേരള ഹിന്ദുമിഷൻ, തിരുവനന്തപുരം
4. ശ്രീരാമദാസമിഷൻ യൂണിവേഴ്സൽ സൊസൈറ്റി, ശ്രീനീലകണ്ഠപുരം, തിരുവനന്തപുരം
5. കോഴിക്കോട് ആര്യസമാജം, പുതിയതറ, കോഴിക്കോട്

ശുദ്ധി സർട്ടിഫിക്കറ്റിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മതപരിവർത്തനം നടത്തിയ തീയതി കൂടി രേഖപ്പെടുത്തിയിരിക്കണം.

[GO (MS) No.16/1983/HFWD dtd.7-7-1983]

**ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികഗോത്രവർഗക്കാർ**

i) പട്ടിക ഗോത്രവർഗ വിഭാഗക്കാർ ക്രിസ്തുമതം സ്വീകരിച്ചാലും ഇത്തരക്കാരെ പട്ടിക ഗോത്രവർഗ്ഗക്കാരായി കണക്കാക്കി സർട്ടിഫിക്കറ്റ് അനുവദിക്കണം.

[GO (MS) No.87/1979/PD dtd.18-6-1979]

ii) ജന്മം കൊണ്ട് ഹിന്ദുവോ സിഖോ അല്ലാത്ത വ്യക്തി മതപരിവർത്തനം കൊണ്ട് ഹിന്ദുവോ സിഖോ ആയി മാറുകയും പട്ടികജാതിക്കാരനായി അവകാശവാദം ഉന്നയിക്കുകയും ചെയ്താൽ പ്രസ്തുത വ്യക്തിയുടെ മുൻഗാമികൾ ഇപ്പോഴും പട്ടികജാതി വിഭാഗത്തിൽ തുടരുന്നു, ടിയാനെ പരിവർത്തനശേഷം ഹിന്ദു, സിഖ് വിഭാഗങ്ങളിലെ പട്ടികജാതിയിലെ ഒരംഗമായി സ്വീകരിച്ചിരിക്കുന്നു എന്നീ വ്യവസ്ഥകൾക്കു വിധേയമായി മാത്രമേ സർട്ടിഫിക്കറ്റ് അനുവദിക്കാൻ പാടുള്ളൂ.

[GO (MS) No.87/1979/PD dtd.18-6-1979]

**മറ്റു സംസ്ഥാനങ്ങളിൽ നിന്നു കുടിയേറിയവർക്കുള്ള ജാതി സർട്ടിഫിക്കറ്റുകൾ**

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവർ കേരളത്തിൽ കുടിയേറി പാർക്കുകയും അവരുടെ പിന്മുറക്കാർ ഇവിടെ സ്ഥിരതാമസക്കാരാവുകയും ചെയ്തിട്ടുള്ള കേസുകളിൽ 12-2-1986-ലെ GO (MS) No.10/1986/SCSTDDഎന്ന പട്ടികവർഗ്ഗ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നത്. ടി ഉത്തരവിലെ പ്രധാന വ്യവസ്ഥകൾ ചുവടെ:

i) അപേക്ഷകനോ അപേക്ഷകന്റെ മാതാപിതാക്കളോ 1950-ലെ presidential orderനു മുമ്പായി കേരളത്തിൽ കുടിയേറി സ്ഥിരതാമസമാക്കിയവരാകണം.

ii) ഇത്തരത്തിൽ കുടിയേറിയവരുടെ ജാതി വിഭാഗങ്ങൾ കേരളത്തിലെ അംഗീകൃത ജാതി പട്ടികകളിലുായിരിക്കണം.

1950നു ശേഷം കുടിയേറി സ്ഥിരതാമസമായവരുടെ സംഗതിയിലും 1950നു മുൻപു കുടിയേറുകയും അവൻ ജനിച്ചു വളർന്ന് സംസ്ഥാനത്തെ SC/STപട്ടികയിലുൾപ്പെട്ടവരും എന്നാൽ കേരളത്തിലെ SC/STപട്ടികയിൽ അത്തരം ജാതി വിഭാഗങ്ങൾ ഉൾപ്പെടാതെ വരുകയും ചെയ്യുന്ന കേസുകളിൽ അത്തരക്കാരെ അവരുടെ ജാതി സ്ഥിതി ബോദ്ധ്യപ്പെട്ട് സംവരണേതര വിഭാഗത്തിൽപ്പെടുത്തിയാണ് സർട്ടിഫിക്കറ്റ് അനുവദിക്കേത്.

**15. മിശ്രജാതി സർട്ടിഫിക്കറ്റ്**

പ്രത്യേക അപേക്ഷാ ഫോറമില്ല. വെള്ളക്കടലാസിൽ ഭാര്യ, ഭർത്താവ് എന്നിവരുടെ ജാതി സ്ഥിതി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി ജാതി തെളിയിക്കുന്ന രേഖ, റേഷൻകാർഡ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകളും സഹിതം അപേക്ഷിക്കണം.

ഭരണഘടനാ വ്യവസ്ഥകൾ പ്രകാരം ഹിന്ദു, സിഖ്, ബുദ്ധ മത വിഭാഗങ്ങളിൽ മാത്രമാണ് ജാതി വ്യവസ്ഥ നിലവിലുള്ളത്. മറ്റു മതവിഭാഗങ്ങളിൽ (മുസ്ലിം, ക്രിസ്ത്യൻ etc) അവാന്തര വിഭാഗങ്ങളാണുള്ളത്. അതുകൊുതന്നെ ഹിന്ദു, സിഖ്, ബുദ്ധ സമുദായങ്ങളിലെ

വ്യത്യസ്ത ജാതികളിൽപ്പെട്ടവർ വിവാഹിതരായാൽ മാത്രമേ (സമുദായാചാര പ്രകാരം അനുവദനീയമല്ലാത്ത വിവാഹ ബന്ധം) ഇത്തരം സർട്ടിഫിക്കറ്റ് അനുവദിക്കാൻ പാടുള്ളൂ.

കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ, സാമൂഹിക ക്ഷേമ വകുപ്പിൽ നിന്നുള്ള സാമ്പത്തികാനുകൂല്യങ്ങൾ, സർക്കാർ ജീവനക്കാർക്ക് സ്ഥലം മാറ്റത്തിനായി എന്നീ ആവശ്യങ്ങൾക്കായാണ് ടി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്.

നായർ – നമ്പൂതിരി വിവാഹങ്ങൾ ആചാരപ്രകാരം നിലനിന്നിരുന്നതാകയാൽ ഇത്തരം വിവാഹബന്ധത്തെ മിശ്രജാതി വിവാഹമായി പരിഗണിക്കേതില്ല.

[GO(MS) No.106/1976/PD dtd.1-4-1976]

16. <u>വരുമാന സർട്ടിഫിക്കറ്റ്</u>

നിശ്ചിത ഫാറത്തിലുള്ള അപേക്ഷയ്ക്കൊപ്പം റേഷൻകാർഡ്. ഭൂനികുതി രസീതുകൾ, നികുതിദായകരെങ്കിൽ ആയതിനുള്ള രേഖകൾ, ശമ്പളം പറ്റുന്ന ജീവനക്കാരെങ്കിൽ ശമ്പള സർട്ടിഫിക്കറ്റ്, മറ്റേതെങ്കിലും മാർഗത്തിലുള്ള വരുമാനമാണെങ്കിൽ ആയതിനുള്ള രേഖകൾ, വരുമാനത്തെ സംബന്ധിച്ച സത്യപ്രസ്താവന എന്നിവയും ഹാജരാക്കണം.

പ്രമാണ പരിശോധന നടത്തിയും പ്രാദേശികാന്വേഷണം നടത്തിയും സംസ്ഥാനത്തിനകത്തുള്ള ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്രസർക്കാർ ആവശ്യങ്ങൾക്കും തഹസിൽദാരുമാണ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്.

സാധാരണ ഗതിയിൽ വ്യക്തിയുടെയോ കുടുംബത്തിന്റെയോ വാർഷിക വരുമാനമാണ് തിട്ടപ്പെടുത്തുന്നത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ സ്ഥാപനങ്ങളുടെയും മറ്റും വാർഷി വരുമാനവും തിട്ടപ്പെടുത്തേണ്ടിവരും. വാർഷിക വരുമാനം തിട്ടപ്പെടുത്തുന്നതിന് അപേക്ഷാ തീയതിക്കു പിന്നിലേക്കുള്ള ഒരു വർഷത്തെ വരുമാനമാണ് കണക്കിലെടുക്കേണ്ടത്. യാതൊരു കാരണവശാലും ഭാവിയിൽ ലഭിച്ചേക്കുമെന്ന കണക്കുകൂട്ടലിൽ വരുമാനം തിട്ടപ്പെടുത്താൻ പാടില്ലാത്തതാണ്. നികുതിദായകരുടെ വരുമാനം തിട്ടപ്പെടുത്തുമ്പോൾ തൊട്ടുമുൻ സാമ്പത്തിക വർഷത്തെ വരുമാനമാണ് കണക്കിലെടുക്കേണ്ടത്.

വ്യക്തിയുടെ വരുമാനം തിട്ടപ്പെടുത്തുമ്പോൾ അദ്ദേഹത്തിന് യഥാർത്ഥത്തിൽ ലഭിക്കുന്ന സ്ഥിര വരുമാനമാണ് കണക്കിലെടുക്കേണ്ടത്. കുടുംബവരുമാനം തിട്ടപ്പെടുത്തുമ്പോൾ കുടുംബാംഗങ്ങളായി അപേക്ഷകൻ, മാതാപിതാക്കൾ/രക്ഷാകർത്താവ്, അതേ വീട്ടിൽ ഒരുമിച്ചു താമസിക്കുന്ന അവിവാഹിതരായ സഹോദരീ സഹോദരന്മാർ, പുത്രന്മാരും, പുത്രിമാരും, കുടുംബത്തെ ആശ്രയിച്ചുകഴിയുന്ന വിധവകൾ എന്നിവരെയാണ് കണക്കിലെടുക്കുന്നത്. അവിവാഹിതർ പ്രത്യേകം താമസിക്കുകയാണെങ്കിലും കുടുംബവാർഷിക വരുമാനം തിട്ടപ്പെടുത്തുമ്പോൾ മാതാപിതാക്കളുടെ വരുമാനവും ഉൾപ്പെടുത്തേണ്ടതാണ്.

<u>വരുമാന സർട്ടിഫിക്കറ്റിനുള്ള ആവശ്യങ്ങൾ</u>

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഫീസാനുകൂല്യം ലഭിക്കുന്നതിന്, പ്രൊഫഷണൽ കോളേജുകളിൽ SEBCവിഭാഗങ്ങൾക്ക് സീറ്റ് സംവരണം ലഭിക്കുന്നതിന്, സർക്കാർ

വകുപ്പുകളിൽ നിന്നും വായ്പാനുകൂല്യങ്ങൾ ലഭിക്കുന്നതിന്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ ലഭിക്കുന്നതിന്, സൗജന്യ റേഷൻ ലഭിക്കുന്നതിന് എന്നു തുടങ്ങിയ വിവിധങ്ങളായ ആവശ്യങ്ങൾക്ക് വരുമാനം തിട്ടപ്പെടുത്തേണ്ടി വരുന്നു.

**കുടുംബവാർഷിക വരുമാന നിർണ്ണയത്തിന് കണക്കാക്കാൻ പാടില്ലാത്ത വരവുകൾ**

i) വിധവകളായ സഹോദരി/പുത്രിമാരുടെ വരുമാനം

ii) ജീവനക്കാർക്ക് സേവനം അവസാനിപ്പിക്കുമ്പോൾ ലഭിക്കുന്ന ആനുകൂല്യങ്ങൾ

iii) ലീവ് സറണ്ടർ ആനുകൂല്യം

iv) ഉത്സവബത്ത (Festival Allowance)

v) കുടുംബ പെൻഷൻ

**വരുമാനം തിട്ടപ്പെടുത്തുന്നതിന് പരിഗണിക്കുന്ന വരുവകൾ**

i) **ശമ്പളം**

യാത്രാബത്ത, പ്രത്യേക ജോലിക്കുള്ള ഓണറേറിയം എന്നിവ ഒഴിവാക്കിയുള്ള വരുമാനമാണ് കണക്കിലെടുക്കേത്.

ii) **പെൻഷൻ**

പെൻഷൻ പേയ്മെന്റ് ഓർഡറിന്റെ അടിസ്ഥാനത്തിലുള്ള ബേസിക് പെൻഷൻ മാത്രമാണ് (കമ്മ്യൂട്ടേഷൻ തുക കഴിച്ചുള്ളത്) വരുമാനത്തിനായി കണക്കിലെടുക്കേണ്ടത്.

iii) **വ്യാപാരത്തിൽ നിന്നുള്ള വരുമാനം**

നികുതിദായകരുടെ സംഗതിയിൽ ആദായ നികുതി സർട്ടിഫിക്കറ്റിന്റെയും അല്ലാതെയുള്ളവരുടെ കാര്യത്തിൽ അപേക്ഷകൻ ഫയൽ ചെയ്യുന്ന സത്യവാങ്മൂലത്തിന്റെയും അടിസ്ഥാനത്തിലാണ് വരുമാനം നിർണ്ണയിക്കേണ്ടത്.

iv) **സ്വകാര്യതൊഴിലിലേർപ്പെടുന്നവർ, പ്രൊഫഷണലുകൾ**

നികുതിദായകരുടെ സംഗതിയിൽ ആദായ നികുതി സർട്ടിഫിക്കറ്റിന്റെയും അല്ലാതെയുള്ളവരുടെ കാര്യത്തിൽ അപേക്ഷകൻ ഫയൽ ചെയ്യുന്ന സത്യവാങ്മൂലത്തിന്റെയും അടിസ്ഥാനത്തിൽ വരുമാനം തിട്ടപ്പെടുത്തുന്നു.

v) **വിദേശവരുമാനമുള്ളവർ**

വിദേശത്ത് ജോലിയിലോ വ്യാപാരത്തിലോ ഏർപ്പെട്ടിരിക്കുന്നവരുടെ കാര്യത്തിൽ അപേക്ഷകൻ ഫയൽ ചെയ്യുന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ വരുമാനം തിട്ടപ്പെടുത്തുന്നു.

vi) **ദിവസക്കൂലിക്കാരുടെ വരുമാനം**

അപേക്ഷകൻ ഫയൽ ചെയ്യുന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ വരുമാന നിർണ്ണയം നടത്തുന്നു.

vii) **ജനപ്രതിനിധികളുടെ ഓണറേറിയം (Honorarium)**

ജനപ്രതിനിധികളുടെ ഓണറേറിയം വരുമാനമായി കണക്കാക്കി വരുമാന സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തേതാണ്.[No.8048/T2/2014/RD dtd.30-8-2016]

viii)**<u>വസ്തുവകകളിൽ നിന്നുള്ള വരുമാനം</u>**

കാർഷിക വിളകളിൽ നിന്നുള്ള വരുമാനം, ദേഹണ്ഡങ്ങളുടെ മൂല്യം എന്നിവ പൊന്നും വില നടപടികളിൽ സ്വീകരിക്കുന്ന മാനദണ്ഡ പ്രകാരം നിർണ്ണയിക്കുന്നു.

ix) **<u>വാടകവരുമാനം</u>**

ശരിയായ വാടകയിൽ നിന്നും വാർഷിക സംരക്ഷണ ചെലവു കുറച്ചുള്ള തുക വരുമാനമായി കണക്കാക്കാം.

**<u>വരുമാനം തിട്ടപ്പെടുത്തിയതിനെതിരെയുള്ള ആക്ഷേപങ്ങൾ</u>**

വില്ലേജ് ഓഫീസർ നിർണ്ണയിച്ച വരുമാനത്തിനെതിരെയുള്ള അപ്പീൽ തഹസിൽദാർക്കും റിവിഷൻ ഹർജി റവന്യൂ ഡിവിഷണൽ ഓഫീസർക്കുമാണ് നൽകേണ്ടത്.

തഹസിൽദാർ നിർണ്ണയിച്ച വരുമാനത്തിനെതിരെയുള്ള അപ്പീൽ RDOയ്ക്കും റിവിഷൻ ഹർജി ജില്ലാ കളക്ടർ മുമ്പാകെയുമാണ് ഫയൽ ചെയ്യാവുന്നത്.

**<u>വരുമാനം നിർണ്ണയിക്കുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികൾ</u>**

i) വികലാംഗ പെൻഷനുവേണ്ടി കുടുംബ വാർഷിക വരുമാനം തിട്ടപ്പെടുത്തുമ്പോൾ സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ തുക കണക്കിലെടുക്കാൻ പാടില്ല.

[GO(P) No.10/1998/SWD dtd.31-3-1998]

ii) മെഡിക്കൽ/എഞ്ചിനീയറിങ് കോഴ്സ് പ്രവേശനത്തിന് വരുമാനം കണക്കാക്കുമ്പോൾ അപേക്ഷാ തീയതിക്കുമുമ്പുള്ള സാമ്പത്തിക വർഷത്തെ അടിസ്ഥാനമാക്കിയാണ് വരുമാനം തിട്ടപ്പെടുത്തേത്.

[GO(MS)No.304/2006/RD dt.28-10-2006]

iii) SEBCവിഭാഗങ്ങൾക്ക് പ്രൊഫഷണൽ ബിരുദ കോഴ്സ് സംവരണത്തിനുള്ള വരുമാന പരിധി 2.5 ലക്ഷം രൂപയായി നിശ്ചയിച്ചിരിക്കുന്നു.

[GO(MS)No.30/2002/SCSTDD dt.5-6-2002]

iv) കുടുംബവാർഷിക വരുമാനം തിട്ടപ്പെടുത്തുമ്പോൾ അഗതി പെൻഷൻ തുക ഉൾപ്പെടുത്താൻ പാടില്ല.

[GO(P)No.69/1988/HSSFWD dt.21-4-1988]

v) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SEBCവിഭാഗങ്ങളിൽപ്പെട്ട പ്രീഡിഗ്രി, ഡിഗ്രി കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യത്തിന് വരുമാനം തിട്ടപ്പെടുത്തുമ്പോൾ ശമ്പള വരുമാനക്കാരുടെ DA, HRAഎന്നിവ ഉൾപ്പെടുത്തേതില്ല.

[Circular No.47233/D1/88/RD dt.19-10-1988]

vi) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SEBCവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സ്, ഡിപ്ലോമ കോഴ്സുകൾ, ബിരുദാനന്തര ബിരുദ കോഴ്സുകൾ എന്നിവയിലെ സീറ്റ് റിസർവേഷനുവേി വരുമാനം തിട്ടപ്പെടുത്തുമ്പോഴും പ്രസ്തുത സ്ഥാപനങ്ങളിൽ ഫീസാനുകൂല്യത്തിന് വരുമാനം നിർണ്ണയിക്കുമ്പോഴും DA, HRAഎന്നിവ ഉൾപ്പെടുത്തേതാണ്.

[GO(MS)No.29/2002/RD dtd.26-2-2002]

vii) വ്യാപാരത്തിൽ നിന്നുള്ള വരുമാനം നിർണ്ണയിക്കുമ്പോൾ അറ്റാദായമാണ് (Net profit) കണക്കിലെടുക്കേത്.

[GO(MS)No.307/1992/Rev dt.17-6-1992]

viii)സമാശ്വാസ തൊഴിൽദാന പദ്ധതി (Compassionate Employment Scheme) പ്രകാരം ശമ്പളം പറ്റുന്നവരുടെ വാർഷിക വരുമാനം തിട്ടപ്പെടുത്തുമ്പോൾ യാത്രാപടി മാത്രമേ ഒഴിവാക്കുകയുള്ളൂ.

[GO(MS)No.342/1999/RD dt.28-8-1999]

ix) തൊഴിൽ രഹിത വേതനത്തിന്/സ്വയം തൊഴിൽ പദ്ധതിക്കായി ബന്ധപ്പെട്ട വകുപ്പുകൾ വരുമാനം തിട്ടപ്പെടുത്തിയതിന്മേൽ അപ്പീൽ അധികാരി തഹസിൽദാരായിരിക്കും.

[GO(P)No.23/1998/Labour dtd.28-05-1998]

ഃ) കാൻസർ, കുഷ്ഠം, ക്ഷയരോഗികൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 2400 രൂപയിൽ നിന്ന് 1,00,000 രൂപയായി (ഒരു ലക്ഷം) വർദ്ധിപ്പിച്ചിട്ടു്.

[GO(MS)No.485/2013/H&FW dtd.13-12-2013]

17. **നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്**

OBC വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കാണ് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. നിശ്ചിത ഫോറത്തിലുള്ള അപേക്ഷയ്ക്കൊപ്പം റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റുക്കൾ, വരുമാനത്തെളിവുകൾ, ഭൂനികുതി രസീതുകൾ, ജാതി തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവയുടെ പകർപ്പുകളും ഉൾക്കൊള്ളിക്കണം.

പ്രമാണ പരിശോധന, പ്രാദേശികാന്വേഷണം എന്നിവ നടത്തി സംസ്ഥാനത്തിനുള്ളിലുള്ള ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്ര സർക്കാർ ആവശ്യങ്ങൾക്കും തഹസിൽദാരുമാണ് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്.

നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിന്മേൽ 10 ദിവസങ്ങൾക്കുള്ളിൽ തീരുമാനമെടുക്കേതാണ്. ഇത്തരം സർട്ടിഫിക്കറ്റുകൾക്ക് സാധാരണയായി ഒരു വർഷം വരെയും ഏതെങ്കിലും കോഴ്സുകൾക്കുവേി സമർപ്പിച്ചിട്ടുള്ള പക്ഷം പ്രസ്തുത കോഴ്സ് തീരുന്നതുവരെയും കാലപരിധിയുായിരിക്കും.

OBC പട്ടികയിലുൾപ്പെടുന്ന വിഭാഗങ്ങളുടെ സമൂഹത്തിലെ സ്ഥാനം (Social Status)ആണ്. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം. എന്നാൽ പ്രൊഫഷണൽ മേഖലയിലുള്ളവർക്കും വ്യവസായ മേഖലകളിലുള്ളവർക്കും വരുമാനപരിധി ബാധകമാണ്.

വരുമാനം മാനദണ്ഡമാകുന്ന വിഭാഗങ്ങൾക്ക് നിലവിൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള വരുമാന പരിധി 6 ലക്ഷം രൂപയാണ്.

**നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങൾ**

I. **ചുവടെ ചേർക്കുന്ന ഭരണഘടനാ പദവികൾ വഹിക്കുന്നവരുടെ മക്കളെ ഒഴിവാക്കിയിരിക്കുന്നു.**

1. ഇന്ത്യൻ പ്രസിഡന്റ്
2. വൈസ് പ്രസിഡന്റ്
3. സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ജഡ്ജിമാർ, ഗവർണർമാർ (അവരുടെ ഔദ്യോഗിക കാലയളവിൽ മാത്രം)
4. PSC, UPSC എന്നിവിടങ്ങളിലെ ചെയർമാന്മാർ മെമ്പർമാർ, ചീഫ് ഇലക്ഷൻ കമ്മീഷണർമാർ, കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ എന്നിവർ
5. മേൽ ചേർത്തതിനു തുല്യമായ ഭരണഘടനാ പദവികൾ വഹിക്കുന്നവർ

II. **സേവന വിഭാഗം**

ചുവടെ ചേർക്കുന്ന സേവനവിഭാഗങ്ങളിലുൾപ്പെടുന്നവരുടെ മക്കളെ ഒഴിവാക്കിയിരിക്കുന്നു.

1. മാതാപിതാക്കൾ രണ്ടുപേരും ക്ലാസ് I, ഓഫീസർമാരായിരുന്നാൽ
2. മാതാപിതാക്കളിലൊരാൾ class-Iഓഫീസറായാൽ
3. മാതാപിതാക്കൾ രണ്ടുപേരും ക്ലാസ് IIഓഫീസർമാരായാൽ
4. മാതാപിതാക്കളിലൊരാൾ class IIഓഫീസറായിരിക്കുകയും 35 വയസിനു മുൻപായി class I തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുകയും ചെയ്താൽ (കേന്ദ്രസർക്കാർ ആവശ്യങ്ങൾക്ക് 40 വയസിനുള്ളിൽ പ്രൊമോഷൻ ലഭിച്ചാൽ)

III. **പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ**

മുകളിൽ സേവന വിഭാഗത്തിൽ ചേർത്തിട്ടുള്ള മാനദണ്ഡങ്ങൾ ബാധകം. സർക്കാർ സർവ്വീസിലെ ശമ്പളവുമായി താരതമ്യം ചെയ്ത് പദവികൾ നിശ്ചയിക്കേതാണ്.

IV. **പ്രതിരോധ സേനകളിലെ ഉദ്യോഗസ്ഥർ**

മാതാപിതാക്കളിലൊരാളോ രണ്ടുപേരോ ആർമിയിൽ കേണലിന്റെയോ അതിനുമുകളിലോ റാങ്കിലുള്ള ഓഫീസറോ തത്തുല്യപദവികൾ നാവികസേനയിലോ വ്യോമസേനയിലോ പാരാമിലിട്ടറി ഫോഴ്സിലോ വഹിക്കുന്ന പക്ഷം അവരുടെ മക്കളെ നോൺ ക്രീമിലെയറിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

V. **പ്രൊഫഷണൽ/വാണിജ്യ/വ്യവസായ വിഭാഗം**

ഇത്തരക്കാരുടെ വരുമാനം പരിശോധിച്ച് നിശ്ചിത പരിധിക്കുപുറത്തുള്ളവരുടെ മക്കളെ ഒഴിവാക്കുന്നു.

VI. **വസ്തു ഉടമകൾ**

അഞ്ചു ഹെക്ടറോ അതിൽ കൂടുതലോ കൃഷി/തോട്ടഭൂമി കൈവശമുള്ള കുടുംബത്തിലെ കൈവശക്കാരന്റെ മക്കൾക്ക് സംവരണത്തിന് അർഹതയില്ല.

**പൊതുമാനദണ്ഡങ്ങൾ**

i) സേവന വിഭാഗത്തിൽ പെടുന്നവരുടെ പദവി മാത്രമാണ് സംവരണ വിഭാഗത്തിനായി കണക്കിലെടുക്കേണ്ടത്. ഇത്തരക്കാരുടെ ശമ്പള വരുമാനം കണക്കിലെടുക്കേതില്ല.

ii) കൃഷിയിൽ നിന്നുള്ള വരുമാനവും ശമ്പളവരുമാനവും കൂട്ടിച്ചേർത്ത് വരുമാനം തിട്ടപ്പെടുത്താൻ പാടില്ല.

iii) Social Status(ഭരണഘടനാ പദവി, ഔദ്യോഗിക പദവി മുതലായവ) പരിഗണിക്കുമ്പോൾ അർഹതയുണ്ടെങ്കിലും മറ്റുതരത്തിലുള്ള വരുമാനം നിശ്ചിത പരിധിയിൽ കൂടുതലാണെങ്കിൽ അത്തരക്കാരുടെ മക്കൾക്ക് സംവരണത്തിന് അർഹതയുണ്ടാകില്ല.

iv) കുലത്തൊഴിലുകളിലേർപ്പെട്ടിട്ടുള്ളതും പ്രസ്തുത കുലത്തൊഴിലിന്റെ പേരിൽ വിളിക്കപ്പെടുന്ന ജാതി വിഭാഗങ്ങളിൽ പെടുന്നവരെയും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വിവിധ ജാതി വിഭാഗങ്ങളെയും വരുമാന പരിധി ബാധകമല്ലാതെ തന്നെ സംവരണത്തിന് അർഹതയുള്ളവരായി നിശ്ചയിച്ചിരിക്കുന്നു.

[GO(P)No.81/09/SCSTDD dtd.26-09-2009ഉത്തരവിന്റെ അനുബന്ധം -B, അനുബന്ധം-C]

**Annexure-B**

1. Black smith 2. Mason 3.Cacrpenter 4.Gold smith 5.Pottery macker 6.Cobbler7.Copper and Bronze smith8. Kudumbi

**Annexure - C**

Arayan 2. Aravathi 3.Mukkuvan 4.Mukkaya 5.Mogaveera 6.Valan 7.Bovis 8.Valinjiar 9.Paniakel 10. Nulayan 11. Latin Cathoilic Mukkuva 12. Latin Catholic Anjutikar 13. Distinct Sections of Muslim Community who are traditionally engaged in fishing operations as cerified by the competent authority.

v) മാതാപിതാക്കൾ ഇരുവരും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടില്ലാത്തവരാണെങ്കിൽ (4th Std) അത്തരക്കാരുടെ മക്കൾക്ക് സംവരണത്തിന് അർഹതയുണ്ടായിരിക്കും. (സാമ്പത്തിക പരിധി ബാധകമല്ല)

vi) അപേക്ഷകൻ/അപേക്ഷക വിവാഹിതനായി പ്രത്യേകം കുടുംബമായി താമസിക്കുകയാണെങ്കിൽ വരുമാനം കണക്കിലെടുക്കുമ്പോൾ അപേക്ഷകന്റെയും/അപേക്ഷകയുടെയും (ഭാര്യയുടെയും ഭർത്താവിന്റെയും) മാത്രം വരുമാനം കണക്കിലെടുത്താൽ മതിയാകും.

[Lr.No.18014/F/2000/SCSTDD dt.22-9-2000]

തയ്യാറാക്കിയത്

ജി.ബാലചന്ദ്രൻപിള്ള